"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനിത ശിശു വികസന വകുപ്പ് - ബാലനീതി നിയമ പ്രകാരം സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ശിശു സംരക്ഷണ സ്ഥാപനങ്ങളിൽ പരിശോധന നടത്തുന്നതിനായി സംസ്ഥാനതലത്തിലും ജില്ലാ തലത്തിലും ഇൻസ്പെക്ഷൻ കമ്മിറ്റികൾ രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിത ശിശു വികസന (സി) വകുപ്പ്**

സ.ഉ.(സാധാ) നം.496/2025/WCDD തീയതി,തിരുവനന്തപുരം, 24-12-2025

---

പരാമർശം:-

1. 28-07-2017 തിയതിയിലെ സ.ഉ(സാധ) നം/508/2017/സാ.നീ.വ
2. 21.12.2017 ലെ സ.ഉ(സാധ) 809/2017/സാ.നീ.വ
3. 08.01.2018 ലെ സ.ഉ(സാധ) 9/2018/സാ.നീ.വ
4. 29-07-2025 തീയതിയിലെ വനിത ശിശു വികസന ഡയറക്ടറുടെ DWCD/4638/2025-ICPS 2 നം. കത്ത്

**ഉത്തരവ്**

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ശിശു സംരക്ഷണ സ്ഥാപനങ്ങളിൽ പരിശോധന നടത്തുന്നതിനായി ബാലനീതി നിയമം 2015 സെക്ഷൻ 54(1)(2),2016 ലെ ബാലനീതി മാതൃകാ ചട്ടം 41(2)(8) പ്രകാരം സംസ്ഥാനതലത്തിലും ജില്ലാ തലത്തിലും ഇൻസ്പെക്ഷൻ കമ്മിറ്റികൾ രൂപീകരിച്ച് പരാമർശം (1) പ്രകാരവും സംസ്ഥാന തലത്തിലും ജില്ലാതലത്തിലും ഇൻസ്പെക്ഷൻ കമ്മിറ്റിയിലെ അംഗങ്ങളെ ഉൾപ്പെടുത്തി യഥാക്രമം പരാമർശം (2),(3) പ്രകാരവും ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.2022 ൽ ഭേദഗതി വരുത്തിയ ബാലനീതി മാതൃക ചട്ടങ്ങളിലെ ചട്ടം 41 (1) പ്രകാരം സംസ്ഥാനതല ഇൻസ്പെക്ഷൻ കമ്മിറ്റി സർക്കാരും, ജില്ലാതല ഇൻസ്പെക്ഷൻ കമ്മിറ്റി ജില്ലാ മജിസ്ട്രേറ്റുമാരും രൂപീകരിക്കേണ്ടതിനാൽ,ഇത്തരത്തിൽ ഇൻസ്പെക്ഷൻ കമ്മിറ്റികൾ രൂപീകരിക്കുന്നതിന് പരാമർശം (4) പ്രകാരം ഡയറക്ടർ പ്രൊപോസൽ സമർപ്പിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ശിശു സംരക്ഷണ സ്ഥാപനങ്ങളുടെ പ്രവർത്തനം സുതാര്യവും കൂടുതൽ കാര്യക്ഷമവുമാകുന്നതിനു കൃത്യമായ പരിശോധനകൾ അനിവാര്യമാണ്.മേൽ സാഹചര്യത്തിൽ ബാലനീതി മാതൃക ചട്ടം 41(1),(2) പ്രകാരം ചുവടെ ചേർക്കുന്ന ഘടനയിൽ സംസ്ഥാനതല ഇൻസ്പെക്ഷൻ കമ്മിറ്റി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| | | |
|---|---|---|
| 1 | വനിത ശിശു വികസന വകുപ്പ് ഡയറക്ടർ, (മെമ്പർ സെക്രട്ടറി, എസ്.സി.പി.എസ്) | ചെയർപേഴ്സൺ |
| | ചൈൽഡ് വെൽഫെയർ കമ്മിറ്റി/ജുവനൈൽ ജസ്റ്റിസ് | |

| | | |
|---|---|---|
| 2 | ബോർഡിലെ ഒരു പ്രതിനിധി | മെമ്പർ |
| 3 | കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ പ്രതിനിധി | മെമ്പർ |
| 4 | കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ പ്രതിനിധി | മെമ്പർ |
| 5 | പ്രോഗ്രാം മാനേജർ (സ്റ്റേറ്റ് അഡോപ്ഷൻ റിസോഴ്സ് ഏജൻസി) | മെമ്പർ |
| 6 | ആരോഗ്യവകുപ്പിന്റെ പ്രതിനിധി (കുട്ടികളുടെ മേഖലയിൽ പ്രവർത്തിക്കുന്ന വ്യക്തി) | മെമ്പർ |
| 7 | ശിശുസംരക്ഷണ മേഖലയിൽ പ്രവർത്തിക്കുന്ന സന്നദ്ധസംഘടനയുടെ ഒരു പ്രതിനിധി/ സാമൂഹ്യ സേവന രംഗത്ത് മികച്ച സേവനം കാഴ്ചവയ്ക്കുന്നവർ | മെമ്പർ |

ബാലനീതി മാതൃക ചട്ടം 41(1)(8) പ്രകാരം ചുവടെ ചേർത്തിരിക്കുന്ന ഘടനയിൽ ജില്ലാ മജിസ്ട്രേറ്റുമാർ ജില്ലാതല ഇൻസ്പെക്ഷൻ കമ്മിറ്റികൾ അടിയന്തിരമായി രൂപീകരിക്കേണ്ടതാണ്.

| | | |
|---|---|---|
| 1 | അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് | ചെയർപേഴ്സൺ |
| 2 | ചൈൽഡ് വെൽഫെയർ കമ്മിറ്റി/ജുവനൈൽ ജസ്റ്റിസ് ബോർഡിലെ ഒരു പ്രതിനിധി | മെമ്പർ |
| 3 | ജില്ലാ ശിശു സംരക്ഷണ ഓഫീസർ | മെമ്പർസെക്രട്ടറി |
| 4 | ജില്ലയിലെ ചീഫ് അല്ലെങ്കിൽ ജില്ലാ മെഡിക്കൽ ഓഫീസർ നാമനിർദ്ദേശം ചെയ്യുന്ന ഒരു മെഡിക്കൽ ഓഫീസർ | മെമ്പർ |
| 5 | കുട്ടികളുടെ അവകാശങ്ങൾ, പരിചരണം, സംരക്ഷണം, ക്ഷേമം എന്നീ മേഖലകളിൽ പ്രവർത്തിക്കുന്ന, ഏതെങ്കിലും ശിശു സംരക്ഷണ സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെയോ സംഘടനയുടെയോ ഭാഗമല്ലാത്തതും അത്തരം സംഘടനയിൽ സാമ്പത്തിക താൽപ്പര്യമില്ലാത്തതുമായ ഒരു സിവിൽ സമൂഹ അംഗം | മെമ്പർ |
| 6 | കുട്ടികളുമായി പ്രവർത്തിച്ച് പരിചയമുള്ള ഒരു മാനസികാരോഗ്യ വിദഗ്ദ്ധൻ | മെമ്പർ |
| 7 | കുട്ടികളുടെ താൽപ്പര്യങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കാത്തതും, ജില്ലാ മജിസ്ട്രേറ്റിന് ഉചിതമെന്ന് കരുതുന്നതുമായ സമൂഹത്തിലെ പ്രശസ്തനായ മറ്റേതെങ്കിലും വ്യക്തി | മെമ്പർ |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സന്തോഷ് കുമാർ.റ്റി.കെ.

അഡിഷണൽ സെക്രട്ടറി

വനിത ശിശു വികസന വകുപ്പ് ഡയറക്ടർ, പൂജപ്പുര, തിരുവനന്തപുരം

സെക്രട്ടറി, കേരള സംസ്ഥാന ബാലാവകാശ കമ്മീഷൻ, തിരുവനന്തപുരം

സെക്രട്ടറി, കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ, തിരുവനന്തപുരം
പ്രോഗ്രാം മാനേജർ, സ്റ്റേറ്റ് അഡോപ്ഷൻ റിസോഴ്സ് ഏജൻസി
ഡയറക്ടർ, ആരോഗ്യ വകുപ്പ്
എല്ലാ ജില്ലാകളക്ടർമാർക്കും/എല്ലാ ജില്ലാ മജിസ്ട്രേറ്റുമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ( ആഡിറ്റ് ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
വെബ് & ന്യൂമീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Hena R Raj
Date: 24-12-2025 14:34:09

സെക്ഷൻ ഓഫീസർ